സ.ഉ.(കൈ) നം.35/2022/F&WLD

സ.ഉ.(കൈ) നം.35/2022/F&WLD

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ്-ജീവനക്കാര്യം-നോർത്ത് വയനാട് ഡിവിഷനിൽ പാർട്ട് ടൈം സ്വീപ്പറായിരിക്കെ മരണപ്പെട്ട ശ്രീ. ഇ.എസ്. രാധാകൃഷ്ണന്റെ ഭാര്യ ശ്രീമതി. വനജ.കെ.റ്റി യ്ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം, വയനാട് ജില്ലയിൽ വനം വന്യജീവി വകുപ്പിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (എഫ്) വകുപ്പ്**

സ.ഉ.(കൈ) നം.35/2022/F&WLD തീയതി, തിരുവനന്തപുരം, 25-06-2022.

പരാമർശം:-

1. സ.ഉ(പി) നം. 12/99/പി & എ.ആർ.ഡി തീയതി 24.05.1999.
2. ശ്രീമതി.വനജ.കെ.റ്റി, എളമ്പിലാശ്ശേരി ഹൗസ്, കാവുംകുന്ന്, വള്ളിയൂർക്കാവ്, ആറാട്ടുതറ പി ഒ, മാനന്തവാടി, വയനാട്- 670645 സമർപ്പിച്ച 12.03.2021 ലെ അപേക്ഷയും അനുബന്ധ രേഖകളും.
3. ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 25.09.2021, 01.06.2022 തീയതികളിലെ ഇ6-2489/2021 നമ്പർ കത്തുകളും അനുബന്ധ രേഖകളും.
4. വയനാട് ജില്ലാ കളക്ടറുടെ 28.04.2022 ലെ DCWYD/8046/ 2021-A8 നമ്പർ കത്തും അനുബന്ധരേഖകളും.

**ഉത്തരവ്**

വനം വന്യജീവി വകുപ്പിൽ നോർത്ത് വയനാട് ഡിവിഷനിൽ പാർട്ട് ടൈം സ്വീപ്പറായി സേവനത്തിലിരിക്കെ 06.02.2020 ന് മരണപ്പെട്ട ശ്രീ. ഇ.എസ്. രാധാകൃഷ്ണന്റെ ഭാര്യ ശ്രീമതി. വനജ.കെ.റ്റി സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിനുള്ള അപേക്ഷ പരാമർശം(2) പ്രകാരം സമർപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷ പരാമർശം(3) പ്രകാരം ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ശുപാർശ ചെയ്തിട്ടുണ്ട്. പ്രസ്തുത അപേക്ഷയിൻമേൽ അന്വേഷണം നടത്തി ആവശ്യമായ രേഖകൾ സഹിതം വയനാട് ജില്ലാ കളക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

2. മാനന്തവാടി തഹസീൽദാരുടെ അനന്തരാവകാശ സർട്ടിഫിക്കറ്റ് പ്രകാരം, മരണപ്പെട്ട ജീവനക്കാരന്റെ അനന്തരാവകാശികൾ, ഭാര്യ വനജ.കെ.ടി, മകൻ നിധിൻ കൃഷ്ണ, വിപിൻ കൃഷ്ണ, മാതാവ് പാർവതി എന്നിവരാണ്. മറ്റ് അവകാശികൾ അപേക്ഷകയ്ക്ക് ആശ്രിതനിയമനം നൽകുന്നതിന് അനുകൂല മൊഴി നൽകിയിട്ടുണ്ട്. അപേക്ഷകയുടെ ജനനത്തീയതി 15.03.1973 ആണ്. ടിയാൾക്ക് 48 വയസ്സ് പൂർത്തിയായിട്ടുണ്ട്. ടിയാളുടെ വിദ്യാഭ്യാസ യോഗ്യത എസ്.എസ്.എൽ.സി Failed ആണ്. ടിയാളുടെ കുടുംബ വാർഷിക വരുമാനം 48,000/-രൂപയാണ്.

സ.ഉ.(കൈ) നം.35/2022/F&WLD

3. മേൽ സാഹചര്യത്തിൽ, നോർത്ത് വയനാട് ഡിവിഷനിൽ പാർട്ട് ടൈം സ്വീപ്പറായി സേവനത്തിലിരിക്കെ 06.02.2020 ന് മരണപ്പെട്ട ശ്രീ. ഇ.എസ്. രാധാകൃഷ്ണന്റെ ഭാര്യ ശ്രീമതി. വനജ.കെ.റ്റി.യ്ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി നൽകുന്നതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾക്കും, സീനിയോറിറ്റി സംബന്ധിച്ച് നിലവിലുള്ള ചട്ടങ്ങൾക്കും വിധേയമായി, വനം വന്യജീവി വകുപ്പിൽ വയനാട് ജില്ലയിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. വയനാട് ജില്ലയിൽ നിലവിൽ ഒഴിവില്ലാത്ത പക്ഷം ഒഴിവുള്ള ജില്ലയിൽ ടിയാളെ നിയമിക്കാവുന്നതും വയനാട് ജില്ലയിൽ ഒഴിവ് വരുന്ന മുറയ്ക്ക് സീനിയോറിറ്റി നഷ്ടപ്പെടാതെ ടിയാൾക്ക് സ്ഥലംമാറ്റം അനുവദിക്കേണ്ടതുമാണ്.

4. അപേക്ഷകയുടെ വയസ്സ്, വിദ്യാഭ്യാസ യോഗ്യത, വാർഷിക വരുമാനം തുടങ്ങിയവ പരിശോധിച്ച് പരാമർശം (1) ലെ സർക്കാർ ഉത്തരവിന് വിധേയമായി നിയമനം നൽകിക്കൊണ്ടുള്ള ഔപചാരികമായ ഉത്തരവ് ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ നൽകേണ്ടതാണ്.

5. ഈ നിയമനങ്ങൾ സംബന്ധിച്ച വിവരങ്ങൾ പരേതന്റെ സേവനപുസ്തകത്തിലും ബന്ധപ്പെട്ട എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററിലും രേഖപ്പെടുത്തേണ്ടതാണ്. അപേക്ഷക ഏതെങ്കിലും വസ്തുതകൾ മനഃപൂർവ്വം മറച്ചു വച്ചതായും തെറ്റായ വിവരങ്ങൾ നൽകിയതായും ഏതെങ്കിലും അവസരത്തിൽ സർക്കാരിന് ബോദ്ധ്യമായാൽ ഈ നിയമനം നിരുപാധികം റദ്ദാക്കാനുള്ള അധികാരം സർക്കാരിന് ഉണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലിയാ ലത്തീഫ് എ
അണ്ടർ സെക്രട്ടറി.

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്, തിരുവനന്തപുരം.
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം.
ജില്ലാ കളക്ടർ, വയനാട്.
ശ്രീമതി.വനജ.കെ.റ്റി, എളമ്പിലാശ്ശേരി ഹൗസ്, കാവുംകുന്ന്, വള്ളിയൂർക്കാവ്, ആറാട്ടുതറ പി ഒ, മാനന്തവാടി, വയനാട്- 670645.(രജിസ്റ്റേർഡ് തപാൽ മടക്കരസീത് സഹിതം).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ ), കേരള, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ